പതിമൂന്നാം കേരള നിയമസഭ

ഏട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.251

02.04.2013-ലെ മറുപടിക്ക്

## ഭൂസമരത്തിന്റെ ഭാഗമായി ചൂണ്ടിക്കാണിക്കപ്പെട്ട മിച്ചഭൂമി ഏറ്റെടുക്കൽ

ചോദ്യം

ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ

ശ്രീ.എ.കെ.ബാലൻ

ശ്രീ.ഇ.പി.ജയരാജൻ

ശ്രീ.എസ്.രാജേന്ദ്രൻ

മറുപടി

ശ്രീ.അടൂർപ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2013 ജനുവരിയിൽ നടന്ന ഭൂസമരത്തിന്റെ ഭാഗമായി ചൂണ്ടിക്കാണിക്കപ്പെട്ട മിച്ചഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | ഭൂസമരത്തിന്റെ ഭാഗമായി മിച്ചഭൂമിയൊന്നും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ല. |
| (ബി) | ഭൂസമരത്തിന്റെ ഒത്തുതീർപ്പുവ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ; | (ബി) | അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയം 15.02.2013 വരെ ദീർഘിപ്പിച്ചു നൽകി. ഇതിൻപ്രകാരം ലഭിച്ച അപേക്ഷകളിൽ അന്വേഷണം നടത്തി വരുന്നു. |
| (സി) | സംസ്ഥാനത്തെ മുഴുവൻ ഭൂരഹിതർക്കും ഭൂമി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | സീറോ ലാന്റ് ലെസ്സ് പദ്ധതിയിൻ പ്രകാരം കണ്ടെത്തുന്ന അർഹരായ സംസ്ഥാനത്തെ മുഴുവൻ ഭൂരഹിത കുടുംബത്തിനും 2015 ൽ 3 സെന്റ് ഭൂമി വീതം നൽകും. |
| (ഡി) | ഭൂമിക്കുവേണ്ടി അപേക്ഷ സമർപ്പിച്ചവരുടെ പരിശോധന പൂർത്തിയായിട്ടുണ്ടോ; അന്തിമ യോഗ്യതാപട്ടിക പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര അപേക്ഷകരുണ്ട്; | (ഡി) | ഈ പദ്ധതി പ്രകാരം ആദ്യഘട്ടത്തിൽ ലഭ്യമായ മുഴുവൻ അപേക്ഷകളിന്മേലും അന്വേഷണം നടത്തി അർഹരായ ഭൂരഹിത കുടുംബങ്ങളുടെ ലിസ്റ്റ് 15.08.2012 ൽ പ്രസിദ്ധീകരിച്ചു. അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയം 15.02.2013 വരെ ദീർഘിപ്പിച്ചു നൽകി. ഇതിൻപ്രകാരം ലഭിച്ച അപേക്ഷകളിൽ അന്വേഷണം നടത്തി വരുന്നു. |
| (ഇ) | ഇവർക്ക് എന്ന് ഭൂമി നൽകാൻ കഴിയുമെന്നാണ് കരുതുന്നത്; | (ഇ) | 'zero landless' പദ്ധതിയുടെ ഒന്നാം ഘട്ടമായി 2013 ഓഗസ്റ്റ് 15-ാം തീയതിയോടുകൂടി ഒരു ലക്ഷം ഭൂരഹിതർക്ക് മൂന്ന് സെന്റ് ഭൂമി വീതം നൽകാനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നത്. 2015-ാമാണ്ടോടു കൂടി മുഴുവൻ ഭൂരഹിത കുടുംബങ്ങൾക്കും ഭൂമി നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (എഫ്) | ഭൂരഹിതർക്ക് നൽകുന്നതിനായി നിലവിൽ എത്ര ഏക്കർ ഭൂമിയാണ് കണ്ടെത്തിയിട്ടുള്ളത്; | (എഫ്) | സർവ്വെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആയത് പൂർത്തിയായാൽ മാത്രമെ എത്ര ഏക്കർ ഭൂമി പദ്ധതിയ്ക്കായി ഉപയോഗിക്കുവാൻ കഴിയും എന്ന് കൃത്യമായി പറയാൻ സാധിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| (ജി) | അപേക്ഷ സമർപ്പിക്കാൻ കഴിയാതെ പോയ ഭൂരഹിതരായ പട്ടികവിഭാഗങ്ങളെ കണ്ടെത്തി ഭൂമി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ജി) | സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങൾക്കും (പട്ടികജാതി/പട്ടികവർഗ്ഗം ഉൾപ്പെടെ) ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കണം എന്നുറപ്പിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി 15.02.2013 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു. |
| (എച്ച്) | സംസ്ഥാനത്തെ മിച്ചഭൂമി കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് എന്തെങ്കിലും നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എച്ച്) | മിച്ചഭൂമി കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് ലാന്റ് ബോർഡ് പ്രതിമാസ അവലോകനം നടത്തി, റ്റി.എൽ.ബി കേസുകൾ ത്വരിതഗതിയിൽ തീർപ്പാക്കുന്നതിന് ബന്ധപ്പെട്ട റ്റി.എൽ.ബി ചെയർമാൻമാർക്ക് കർശന നിർദ്ദേശം നൽകിവരുന്നുണ്ട്. ആഴ്ചയിൽ ഒന്നിൽ കൂടുതൽ സിറ്റിംഗുകൾ നടത്തിക്കൊണ്ടും, പരമാവധി മിച്ചഭൂമി കേസുകൾ തീർപ്പാക്കുവാൻ 2013 ജനുവരിയിൽ കൂടിയ കേരള ഭൂപരിഷ്കരണ Review Board-ന്റെ അവലോകന യോഗത്തിൽ എല്ലാ റ്റി.എൽ.ബി ചെയർമാൻമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ